കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മരട് നഗരസഭയിലെ സൂപ്രണ്ടായ ശ്രീ. സിബു. കെ.എ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 2067/2017-ൽ 31.10.2017 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.237/ 2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 25.01.2018

---

പരാമർശം : 1. മരട് നഗരസഭയിലെ സൂപ്രണ്ടായ ശ്രീ. സിബു. കെ.എ സർക്കാരിൽ സമർപ്പിച്ച 09.10.2017 തീയതിയിലെ നിവേദനം. (Annexure A6)

2. ശ്രീ. സിബു. കെ.എ ബഹു. കേരളാ അഡ്മിനിസിട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 2067/2017 കേസിൽ 131.102017 തീയതിയിലുണ്ടായ വിധിന്യായം.

## <u>ഉത്തരവ്</u>

മരട് നഗരസഭയിൽ സൂപ്രണ്ടായ ശ്രീ. സിബു.കെ.എ പരാമർശം 1 പ്രകാരം സർക്കാരിൽ സമർപ്പിച്ച അപേക്ഷ പ്രകാരം, സൂപ്രണ്ടായി 14.08.2017 ലെ നഗരകാര്യ ഡയറക്ടറുടെ ഉത്തരവിൽ ചാലക്കുടി നഗരസഭയിൽ നിയമിച്ചശേഷം 06.10.2017 ലെ ഉത്തരവു പ്രകാരം കൂത്തുപറമ്പ് നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റിയതായും, 4 മാസം പ്രായമായ പെൺകുഞ്ഞിന്റെ അച്ഛനെന്ന പരിഗണന നൽകി എറണാകുളം സ്വദേശിയായ ടിയാനെ ഒഴിവുവരുന്ന ചാലക്കുടി, തൃപ്പൂണിത്തുറ, കൊച്ചി, അങ്കമാലി നഗരസഭകളിൽ ഏതെങ്കിലും ഒന്നിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി. കൂടാതെ ഇതേ ആവശ്യമുന്നയിച്ചുകൊണ്ട് ടിയാൾ ബഹു. കേരളാ അഡ്മിനിസിട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. 2067/2017 നമ്പർ കേസിൽ പരാമർശം 2 പ്രകാരമുള്ള വിധിയിൽ ഒന്നാം എതിർകക്ഷിയായ സർക്കാർ അനക്ഷർ A6 അപേക്ഷ പരിശോധിച്ച് അപേക്ഷകനെ നേരിൽ കേട്ട് രണ്ട് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. കേരളാ അഡ്മിനിസിട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം 16.12.2017-ന് ശ്രീ. സിബു. കെ.എ -യെ തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട സമയത്തും ടിയാളുടെ അപേക്ഷയിലെ ആവശ്യങ്ങൾ തന്നെ ആവർത്തിക്കുകയുണ്ടായി.

3. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീ. സിബു. കെ.എ മരട് നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടറായി ജോലി നോക്കിവരേ സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതിനാൽ, സൂപ്രണ്ടായി ഒഴിവുണ്ടായിരുന്ന ചാലക്കുടി നഗരസഭയിൽ നിയമിച്ചു. ചാലക്കുടി നഗരസഭയിൽ നിയമിച്ചത് സ്ഥലംമാറ്റം പുന:പരിശോധനയ്ക്ക് വിധേയം എന്ന രീതിയിലായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വിവിധ തസ്തികകളിലെ കൂളിസ്റ്റും കരട് സ്ഥലമാറ്റ ഉത്തരവും പുറപ്പെടുവിച്ചു. ടി കരട് ഉത്തരവിൽ ചേർത്തല നഗരസഭയാണ് ടിയാന് നിർദ്ദേശിച്ചിരുന്നത്. 25.02.2017 ലെ സ.ഉ. (പി) നം. 03/2017 ഉഭപവ. ഉത്തരവ് നടപ്പിലാക്കണമെന്ന സർക്കാർ നിർദ്ദേശം പരിഗണിച്ച് 28.02.2017 വരെ ലഭിച്ച അപേക്ഷ പരിഗണിച്ചപ്പോൾ കരട് സ്ഥലംമാറ്റ പട്ടികയിലും കൂളിസ്റ്റിലും വന്നയാളെ ചാലക്കുടിയിൽ നിയമിക്കുന്നതിനായാണ് 14.08.2017 ലെ ഉത്തരവിൽ സ്ഥാലക്കയറ്റത്തോടൊപ്പം സ്ഥലംമാറ്റം ലഭിച്ച് ശ്രീ. കെ.എ. സിബുവിനെ ഒഴിവുണ്ടായിരുന്ന കുത്തുപറമ്പിലേയ്ക്ക് മാറ്റി നിയമിച്ചതെന്ന് അറിയിച്ചു. സൂപ്രണ്ട് ആയി 14.08.2017 ലെ നഗരകാര്യ ഡയറക്ടറുടെ ഉത്തരവിൽ മരട് നഗരസഭയിൽ നിന്നും ചാലക്കുടി നഗരസഭയിൽ നിയമിച്ചെങ്കിലും ടിയാൻ ചാലക്കുടി നഗരസഭയിൽ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതിനാലാണ് 06.10.2017 ലെ ഉത്തരവു പ്രകാരം മരട് നഗരസഭയിൽ നിന്നുതന്നെ കുത്തുപറമ്പ് നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റിയത്.

4. ബഹു. ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം പരാതികക്ഷിയേയും നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരേയും നേരിൽക്കേട്ടതിന്റെയും ബഹു. ട്രിബ്യൂണലിന്റെ നിരീക്ഷണത്തിനു വിധേയമായ അനക്സർ എ 12 വിശദമായി പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ 28.02.2018 ന മുമ്പായി അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്ന ചാലക്കുടി, തൃപ്പൂണിത്തുറ, കൊച്ചി, അങ്കമാലി നഗരസഭകളിൽ ഏതിലെങ്കിലും ഒഴിവുണ്ടാവുകയാണെങ്കിൽ - ഒന്നിലധികം ജീവനക്കാർ ഒരേ നഗരസഭതന്നെ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 25.02.2017 ലെ ഉത്തരവിലെ പ്രത്യേക മുൻഗണന പരിശോധിച്ച് അർഹതയുള്ള ജീവനക്കാരെ മാത്രം ടി സ്ഥാനത്തേയ്ക്ക് സ്ഥലംമാറ്റുക എന്ന നിർദ്ദേശം നഗരകാര്യ ഡയറക്ടർക്ക് നൽകി ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 2-ലെ വിധിന്യായം നടപ്പിലാക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വി.എസ്. സന്തോഷ്,**

**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)
ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. സിബു. കെ.എ., സൂപ്രണ്ട്, മരട് നഗരസഭ.
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേ.രള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**